**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3356. 24.02.2016 ൽ മറുപടിയ്ക്ക്.**

**<u>സൂപ്പർക്ലാസ് പെർമിറ്റ് റൂട്ടുകൾ</u>**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ബസ്റൂട്ടുകളിൽ സൂപ്പർക്ലാസ് പെർമിറ്റ് റൂട്ടുകളായി എത്രയെണ്ണമാണ് നിശ്ചയിച്ചിട്ടുള്ളത്; അവയേതൊക്കെ; | (എ) | ബസ് റൂട്ടുകളെ സൂപ്പർ ക്ലാസ് പെർമിറ്റ് റൂട്ടുകൾ ആയി തരം തിരിച്ചിട്ടില്ല. എന്നാൽ ബസ് സർവീസുകളിൽ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്ററ്, എക്സ്പ്രസ്, സൂപ്പർ എക്സ്പ്രസ്, ഡീലക്സ്, സൂപ്പർ ഡീലക്സ് എന്നീ സർവീസുകളെയാണ് സൂപ്പർ ക്ലാസ് സർവീസുകൾ എന്ന് കണക്കാക്കുന്നത്. കെ.എസ്.ആർ.ടി.സി. ഇത്തരത്തിലുള്ള 1165 സർവീസുകൾ നടത്തി വരുന്നുണ്ട്. കൂടാതെ മുൻപ് പെർമിറ്റ് നല്കിയിട്ടുള്ളതും പെർമിറ്റ് കാലാവധി അവസാനിക്കാത്തതുമായ 49 സ്വകാര്യ സൂപ്പർക്ലാസ് സർവീസുകളും സർവീസ് നടത്തിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നിശ്ചയിച്ചുകൊണ്ട് എന്നാണ് സർക്കാർ ഉത്തരവായത്; ഈ ഉത്തരവ് വന്നിട്ട് സർക്കാർ പുനഃപരിശോധിച്ചിട്ടുണ്ടോ; അതിൻ പ്രകാരം സ്വകാര്യ ബസുകൾക്കും തുടർന്നും പെർമിറ്റ് അനുവദിച്ചിട്ടുണ്ടോ; | (ബി) & (സി) | ഓർഡിനറി ബസുകൾക്ക് 140 കിലോമീറ്റർ വരെ സർവ്വീസ് നടത്താം. മോട്ടോർവാഹന ചട്ടങ്ങളിലെ ചില പഴുതുകൾ ഉപയോഗിച്ച് 70 കിലോ-മീറ്ററിന് മുകളിൽ റൂട്ട് ദൈർഘ്യമുള്ള സ്വകാര്യ ഓർഡിനറി പെർമിറ്റുകൾ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകളായി നിരവധി വർഷങ്ങളായി |

| | | | |
|---|---|---|---|
| (സി) | സർക്കാർ തീരുമാനം മാറ്റി സ്വകാര്യ ബസുകൾക്ക് വീണ്ടും പെർമിറ്റ് നൽകാൻ തീരുമാനിച്ചത് എന്ത് കൊണ്ട്; വ്യക്തമാക്കുമോ? ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതിയിൽ കേസ്സുണ്ടോ; കേസിൽ വിധി വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | കൺവർട്ട് ചെയ്ത് വരികയായിരുന്നു. എന്നാൽ . എല്ലാ സൂപ്പർ ക്ലാസ് സർവീസുകളും മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 100 പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചു കൊണ്ട് കെ.എസ്.ആർ.ടി. -സി.-യ്ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് എസ്.ആർ.ഒ. നമ്പർ 555/2013 ആയി സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. സൂപ്പർക്ലാസ് സർവീസുകൾ കെ.എസ്.ആർ.ടി.സി.-യ്ക്ക് മാത്രമായി നിജപ്പെടുത്തിയ സർക്കാർ വിജ്ഞാപനം ഇപ്പോഴും നിലനില്ക്കുക-യാണ്. അതിൻ പ്രകാരം ടി വിജ്ഞാപനം നിലവിൽ വരുന്നതിന് മുൻപ് സൂപ്പർക്ലാസ് പെർമിറ്റ് ലഭ്യമായതും പെർമിറ്റ് കാലാവധി അവസാനിക്കാത്തതു-മായ 49 സ്വകാര്യ സൂപ്പർക്ലാസ് സർവീസ് പെർമിറ്റുകൾ ഒഴികെയുള്ള എല്ലാ പെർമിറ്റുകളും കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുകയുണ്ടായി. പെർമിറ്റ് തീരുന്ന മുറയ്ക്ക് അവയും കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുന്നതാണ്. സ്വകാര്യ ഓപ്പറേറ്റർ-മാർക്ക് പുതുതായി സൂപ്പർ ക്ലാസ് പെർമിറ്റ് അനുവദിച്ചിട്ടില്ല. എന്നാൽ മുൻപ് സ്വകാര്യ സൂപ്പർ ക്ലാസ് സർവീസ് ആയി ഓപ്പറേറ്റ് ചെയ്തിരുന്ന പെർമിറ്റുകൾ റൂട്ട് ദൈർഘ്യം കണക്കാക്കാതെ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവീസ് പെർമിറ്റ് ആക്കി മാറ്റുന്നതിന് അനുമതി |

| | | | |
|---|---|---|---|
| | | | നല്കിയിട്ടുണ്ട്. സ്വകാര്യ ഓപ്പറേറ്റർമാരുടെ അവശേഷിക്കുന്ന 49 സൂപ്പർക്ലാസ് സർവീസ് പെർമിറ്റുകളും കാലാവധി തീരുന്ന മുറയ്ക്ക് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവീസ് ആയി മാറ്റുന്നതാണ്. ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 20.08.2015-ലെ ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്. അതിന്റെ വിധി വന്നിട്ടില്ല. |
| (ഡി) | സൂപ്പർ ക്ലാസ് റൂട്ടുകളിൽ പുതുതായി എത്ര റൂട്ടുകളിലാണ് കെ.എസ്.ആർ.ടി.സി സർവ്വീസ് ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (ഡി) | യാത്രക്കാരുടെ ആവശ്യം, ലാഭകരമായി സർവീസ് നടത്തുന്നതിന്റെ പ്രായോഗികവും സാമ്പത്തികവുമായ കാര്യങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങൾക്കനു -സൃതമായിട്ടാണ് കെ.എസ്.ആർ.ടി.സി. പുതുതായി സൂപ്പർ ക്ലാസ് സർവീസുകൾ ആരംഭിക്കുന്നത്. |
| (ഇ) | നിലവിൽ സൂപ്പർ ക്ലാസ് പെർമിറ്റ് റൂട്ടുകളിൽ എല്ലാം തന്നെ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ സമാന്തരമായി സ്വകാര്യബസുകൾ സർവ്വീസ് നടത്തുന്നുണ്ടോ; ഇത് കെ.എസ്.ആർ.ടി.സി യുടെ വരുമാനത്തെ ബാധിക്കാറില്ലേ; ഇത്തരം കേസുകളിൽ എന്തു നിലപാടാണ് സ്വീകരിക്കുന്നത് ? | (ഇ) | കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത സ്വകാര്യ മേഖലയിലെ സൂപ്പർക്ലാസ് സർവീസുകൾ കെ.എസ്.ആർ.ടി.സി.-യ്ക്ക് നിലനിർത്തിക്കൊണ്ട് 20.08.2015-ലെ സർക്കാർ ഉത്തരവ് പ്രകാരം നേരത്തെ സ്വകാര്യ ഓപ്പറേറ്റർമാർ ഓപ്പറേറ്റ് ചെയ്തിരുന്ന സൂപ്പർക്ലാസ് പെർമിറ്റുകൾ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവീസുകളായി കൺവെർട്ട് ചെയ്ത് നടത്തുവാനുള്ള അനുമതി നല്കിയിട്ടുണ്ട്. അവയും കെ.എസ്.ആർ.ടി.സി.-യ്ക്കൊപ്പം സർവീസ് നടത്തുന്നുണ്ട്. ഇത്തരം |

| | | | |
|---|---|---|---|
| | | | സർവീസുകൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി അനുവദിച്ചു നല്കിയ സമയക്രമം പ്രകാരമാണ് സർവീസ് നടത്തുന്നത്. നിലവിലുള്ള സമയക്രമം മൂലം കെ.എസ്.ആർ.ടി. സി.യുടെ വരുമാനത്തിൽ കുറവ് വരുന്നതായി കണ്ടതിനെത്തുടർന്ന് സമയം പുന:ക്രമീകരിക്കുന്നതിനായി ബന്ധപ്പെട്ട ആർ.ടി.എ.-കളിൽ കെ.എസ്.ആർ.ടി.സി. പരാതി നല്കി വരുന്നുണ്ട്. അവ ആർ.ടി.എ.-കൾ പരിശോധിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.